**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6491** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കൃഷി അനുബന്ധ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൃഷിയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുടെയും വികസനത്തിനായി 2019-20 ൽ **വരുമാനദായക കാർഷിക ഉദ്യമം പദ്ധതി** ആവിഷ്കരിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയിലൂടെ സുസ്ഥിരമായ വരുമാനദായക പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, അവരുടെ തനിമ നിലനിർത്തുന്ന തരത്തിലുള്ള കാർഷിക വികസനങ്ങളും ഉത്പന്നങ്ങളുടെ പ്രദർശന വിപണന മേളകളും പാരമ്പര്യ കൃഷി രീതി സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. 2024 -25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി നടപ്പിലാക്കുന്നതിനായി 850 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇവരുടെ ഭൂമിയിൽ ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഉണ്ട്.<br><br>അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും, കൃഷി ചെയ്യാൻ താത് പര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവ കൃഷി രീതി വികസിപ്പിച്ച് "നമത് വെള്ളാമെ" എന്ന പദ്ധതിയിലൂടെ വിവിധ തരം ധാന്യങ്ങൾ ഉത് പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>ടി പദ്ധതിയിലൂടെ അട്ടപ്പാടിയിൽ തരിശ്ശായി കിടന്ന 1300 ഏക്കർ ഭൂമി കൃഷി നിലങ്ങളായി മാറ്റുന്നതിനും 3 വർഷങ്ങളായി കാർഷിക പ്രവൃത്തികൾ |

നടപ്പിലാക്കുന്നതിലൂടെ പരമ്പരാഗത ഭക്ഷണരീതി തുടരുന്നതിനും അതിലൂടെ പോഷകാഹാരക്കുറവ്, ശിശുമരണം എന്നിവ പരിഹരിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും തരിശുഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ, കേരള അഗ്രികൾച്ചർ യൂണിവേഴ്സ്റ്റിയുടെ പദ്ധതി ശുപാർശയുടെ അടിസ്ഥാനത്തിൽ നവീകരണ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, ആറളം ഫാം കണ്ണൂർ എന്നവയിൽ ആധുനിക രീതിയിലുള്ള കാർഷിക പ്രവൃത്തികൾ ഏറ്റെടുത്ത്, നവീകരിക്കുകയും ഇതിലൂടെ സംഭരണം, സംസ്കരണം, വിപണനം, മൂല്യ വർദ്ധനവ് എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയും പദ്ധതി നടപ്പിലാക്കി വരുന്നു.

അട്ടപ്പാടി കോ-ഓപ്പറേറ്റിവ് ഫാമിംഗ് സൊസൈറ്റിയുടെ കീഴിൽ ചിണ്ടക്കി, കരുവാര, പോത്തുപ്പാടി, വരടിമല എന്നീ ഫാമുകളിൽ കാപ്പി (അറബിക്ക, റോബസ്റ്റ), കുരുമുളക് , ഏലം, എന്നിവ പ്രധാന വിളകളും ജാതി, ഗ്രാമ്പൂ, തെങ്ങ് , കവുങ്ങ്, മഞ്ഞൾ, ഇഞ്ചി, തുടങ്ങിയവ ഇടവിളകളായും കൃഷി ചെയ്തു വരുന്നു. ടി ഉത്പന്നങ്ങൾ സംഘത്തിന്റെ വിപണ കേന്ദ്രങ്ങളിലൂടെയും, TRIFED Outlet കളിലൂടെയും, Amazon Platformവഴിയും India International Trade Fare, TRIFED നടത്തുന്ന ഫെയർ, സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മേളകൾ എന്നിവയിലൂടെ ഉത്പന്നങ്ങൾ വിപണനം നടത്തി വരുന്നു.

മാനന്തവാടിയിലെ പ്രിയദർശിനി ടീ എസ്റ്റേറ്റ് മുഖേന ആധുനിക രീതിയിലുള്ള കൃഷി രീതി അവലംബിച്ച് പട്ടികവർഗ്ഗക്കാരുടെ ജീവനോപാധി വർധിപ്പിക്കുന്നതിനായുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) എന്ന സ്ഥാപനം മുഖേന പരമ്പരാഗത കൃഷി രീതിയെ പ്രോത്സാഹിപ്പിക്കുന്നതിന് "ഹരിത രശ്മി" എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. പൂർണ്ണമായും

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ടി പദ്ധതിയിലൂടെ 1500 പേർക്ക് പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇടനിലക്കാരില്ലാതെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി മേളകൾ, ചന്തകൾ എന്നിവ സംഘടിപ്പിക്കുന്നതിനും സാധിച്ചു. |

സെക്ഷൻ ഓഫീസർ